# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 38 | | 08.08.2017 - ൽ മറുപടിക്ക് | |
|---|---|---|---|
| **ജി.എസ്.ടി.യിലെ ആശയക്കുഴപ്പം പരിഹരിക്കാൻ നടപടി** | | | |
| | ചോദ്യം | | മറുപടി |
| | ഡോ. എൻ. ജയരാജ്<br>ശ്രീ. പി.ജെ. ജോസഫ് | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വ്യാപാരമേഖലയിൽ ഉളവായിട്ടുള്ള ആശയക്കുഴപ്പങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും അതിന്റെ സോഫ്റ്റുവെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കാനുണ്ടായ കാലവിളമ്പം തുടക്കഘട്ടത്തിൽ ചില അവ്യക്തതകൾക്കു കാരണമായി. സി.ബി.ഇ.സി. ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ സംസ്ഥാനത്തിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ ആകുമായിരുന്നുള്ളൂ. ജി.എസ്.ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഖിലേന്ത്യാ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള അവ്യക്തതകളുടെ പ്രതിഫലനമേ കേരളത്തിലുണ്ടായിട്ടുള്ളൂ. കേരളം തനതായി ചെയ്യേണ്ട മുന്നൊരുക്കങ്ങൾ യഥാവസരം നടത്തിയാണ് മുന്നോട്ടുപോകുന്നത്. മോഡൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും സംസ്ഥാന സർക്കാർ പരിശീലനം നൽകിയിരുന്നു. ആയതിനാൽ തയ്യാറെടുപ്പിൽ സംസ്ഥാനതലത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| (ബി) | ഒരു നികുതിയെന്ന ജി.എസ്.ടിയുടെ സങ്കൽപ്പത്തിന് വിരുദ്ധമായി ഉല്പന്നങ്ങൾക്ക് വ്യത്യസ്തമായ വിലകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ചരക്ക് സേവന നികുതി നിലവിൽ വന്നതോടെ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതേക്കുറിച്ച് വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള അധിക നികുതിഭാരത്തിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പൊതുവിൽ നേരത്തെ ഉണ്ടായിരുന്ന ആകെ പരോക്ഷ നികുതി ഭാരത്തിനെ അധീകരിക്കാത്ത നികുതി നിരക്കുകളാണ് ജി.എസ്.ടി.യിൽ നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഇതിന് ചില അപവാദങ്ങളുണ്ട്. നിലവിലുണ്ടായിരുന്ന ആകെ നികുതി ഭാരത്തിന്റെ അഖിലേന്ത്യാ ശരാശരി അടിസ്ഥാ |

| | | | |
|---|---|---|---|
| | | | നപ്പെടുത്തിയാണ് ജി.എസ്.ടി നിരക്കുകൾ നിർണ്ണയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് പ്രത്യേക ഇളവുകൾ നൽകിയിരുന്ന ചില സാധനങ്ങൾക്കും വ്യാപര മേഖലയ്ക്കും പുതിയ നിരക്കുകൾ അധികഭാരമായി വരുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്.<br>ചെറുകിട, ഇടത്തരം, പരമ്പരാഗത തൊഴിൽ മേഖലകൾ, പ്രത്യേക ഇളവുകൾ നൽകിയിരുന്ന മേഖലകൾ എന്നിവയ്ക്ക് നികുതി ലഘൂകരണമോ ഒഴിവാക്കലോ ആവശ്യപ്പെട്ടുകൊണ്ട് നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.<br>കൂടിയ വില ഈടാക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് Anti-Profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യസാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**